# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3707 — 30.01.2014 ന് മറുപടിയ്ക്കുണ്ടായിരുന്നത്.

## മംഗള വനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കൊച്ചി നഗരത്തിന്റെ ശ്വാസകോശമെന്ന വിശേഷിപ്പിക്കുന്ന മംഗളവനത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) താഴെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.<br>1) പ്രവേശന കവാടം, ചുറ്റുമതിൽ, നടപ്പാത എന്നിവയുടെ നവീകരണം.<br>2) പക്ഷിനിരീക്ഷണ ടവറിന്റെ നിർമ്മാണം<br>3) പ്രകൃതിപഠന കേന്ദ്രത്തിന്റേയും, ഇന്റർപ്രിട്ടേഷൻ സെന്ററിന്റേയും നവീകരണം.<br>4) ഗാർഡ് സ്റ്റേഷൻ പുതുക്കി നിർമ്മാണം.<br>5) ജീവനക്കാർക്കായി ബാത്ത്റൂം നിർമ്മാണം.<br>6) നടപ്പാതയുടെ വശങ്ങൾ കെട്ടി മണ്ണ് നിറയ്ക്കൽ.<br>7) ഇന്റർപ്രിട്ടേഷൻ സെന്ററിൽ വിനയിൽ ഫ്ലോറിംഗ് നടത്തൽ.<br>8) ഇന്റർപ്രിട്ടേഷൻ സെന്ററിൽ ബാംമ്പു സീലിംഗ് ചെയ്യൽ<br>9) ഇന്റർപ്രിട്ടേഷൻ സെന്ററിനു മുൻവശവും ഗാർഡൻ ചെയർ പരിസരവും ഇന്റർ ലോക്കിംഗ് ടൈൽ വിരിക്കൽ.<br>10) ഗാർഡ് സ്റ്റേഷനിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണം. |
| (ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ മംഗളവനത്തിന്റെ നിലവിലുള്ള സ്വാഭാവികതയ്ക്ക് അനുസൃതമായാണോ നടത്തിയിട്ടുള്ളത് ; | (ബി) അനുസൃതമായാണ്. |
| (സി) മംഗളവനത്തിലെ നടപ്പാതകളിലെ കോൺക്രീറ്റ് ടൈൽസ് അതിന്റെ പുതിയ രൂപകല്പനയിൽ ഉൾപ്പെട്ടിട്ടുള്ളതാണോ-യെന്നും അല്ലെങ്കിൽ ഈ പരിഷ്കാരത്തിന്റെ ഉദ്ദേശശുദ്ധിയെന്തെന്നും വെളിപ്പെടുത്തുമോ ; | (സി) നടപ്പാതകളിൽ കോൺക്രീറ്റ് ടൈൽ വിരിച്ചിട്ടില്ല. ഇന്റർപ്രിട്ടേഷൻ സെന്ററിനു മുൻവശത്തും പ്രവേശന കവാടത്തിനു മുൻവശത്തുമാണ് ഇന്റർലോക്കിംഗ് ടൈൽ വിരിച്ചിട്ടുള്ളത്. |

(ഡി) മംഗളവനത്തിൽ എത്തുന്ന ദേശാടന പക്ഷികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉണ്ട്. നഗരവൽക്കരണത്തിന്റെ ഭാഗമായി ഈ പ്രദേശത്തിന് ചുറ്റുപാടും ബഹുനില മന്ദിരങ്ങൾ ഉയർന്നു വന്നിട്ടുള്ളത് പക്ഷികളുടെ ദിശാബോധം നഷ്ടപ്പെടുത്തി അനായാസ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്നതാണ് കാരണമായി അനുമാനിക്കുന്നത്.

(ഇ) കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ മംഗളവനത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ?

(ഇ) വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2006-07 | - ഇല്ല |
| 2007-08 | - ഇല്ല. |
| 2008-09 | - 11,87,568. |
| 2009-10 | - 15,09,959 |
| 2010-11 | - 3,13,563 |
| 2011-12 | - 2,18,800 |
| 2012-13 | - 3,61,445 |

സെക്ഷൻ ഓഫീസർ.